## പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. **25** | **02.03.2020** – ൽ മറുപടിക്ക് |

## സംസ്ഥാനത്തെ പുനർനിർമ്മാണ പ്രവർത്തനങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.കെ.സുരേഷ് കുറുപ്പ്<br>,, ആന്റണി ജോൺ,<br>,,ആർ. രാജേഷ്<br>,, പുരുഷൻ കടലുണ്ടി | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) | സംസ്ഥാനത്ത് അപ്രതീക്ഷിതമായി ഉണ്ടായ പ്രകൃതി ദുരന്തങ്ങളിൽ നിന്നും കരകയറുന്നതിനായി നടത്തി വരുന്ന പുനർനിർമ്മാണ പ്രക്രിയയിൽ ജനപങ്കാളിത്തം ഉറപ്പ് വരുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | എ) | കേരളപുനർനിർമ്മാണ പ്രവർത്തനങ്ങൾക്ക് ഒരു മാർഗരേഖയായി കേരള പുനർനിർമാണ വികസന പദ്ധതി (Rebuild Kerala Development Program, RKDP) രൂപപ്പെടുത്തുകയും ഇതിന് സർക്കാർ അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. RKDP യിൽ ഉൾപ്പെടുത്തിയിട്ടുള്ള മേഖലകളായ ഭൂവിനിയോഗം, സംയോജിത ജലവിഭവ പരിപാലനം, ജീവനോപാധി, ഗതാഗതം, മത്സ്യബന്ധനം, വനം, ജലവിതരണം, മൃഗസംരക്ഷണവും ക്ഷീര വികസനവും, നഗരവികസനം, റോഡുകളും പാലങ്ങളും, കൃഷി തുടങ്ങിയ മേഖലകളിൽ ജന പങ്കാളിത്തം ഉറപ്പ് വരുത്തുന്നതിനുവേണ്ടി സെക്ടറൽ മീറ്റിങ്ങുകൾ നടത്തുകയും അഭിപ്രായം സ്വരൂപിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ **'നമ്മൾ നമുക്കായി'** എന്ന പേരിൽ ആർ.കെ.ഐ-യുടെ നേതൃത്വത്തിൽ ഏറ്റെടുത്ത് നടപ്പിലാക്കുന്ന ജനകീയാസൂത്രണ മാതൃകയിലുള്ള ജനകീയ ക്യാമ്പയിൻ സമൂഹത്തിലെ സമസ്ത മേഖലകളിലെയും ജനപങ്കാളിത്തം ഉറപ്പ് വരുത്തുന്നു. ആർ.കെ.ഐ-യുടെ കീഴിൽ, |

| | | | |
|---|---|---|---|
| | | | അതിജീവനക്ഷമത ഉറപ്പാക്കുന്നതിലേക്കാവശ്യമായ നയസമീപനങ്ങളും തിരുത്തലുകളും കണ്ടെത്തുന്നതിനുള്ള ജനപങ്കാളിത്തത്തോടെയുള്ള വിപുലമായ ക്യാമ്പയിൻ, എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലും പ്രാദേശികവും സമൂഹാധിഷ്ഠിതവുമായ ദുരന്തപ്രതിരോധ പ്രവർത്തനങ്ങൾ ആവിഷ്കരിക്കൽ എന്നിവയാണ് **'നമ്മൾ നമുക്കായി'** ക്യാമ്പയിന്റെ രണ്ട് ഘടകങ്ങൾ. പൊതുജനങ്ങളിൽ നിന്നും വിദഗ്ദ്ധരിൽ നിന്നും സ്വീകരിക്കുന്ന നിർദ്ദേശങ്ങൾ നവകേരള സൃഷ്ടിക്കായി ഉപയോഗപ്പെടുത്താനാകുമെന്ന് കരുതുന്നു. |
| ബി) | പുനർ നിർമ്മാണ പ്രക്രിയയിൽ ഏതെല്ലാം മേഖലകളിൽ ഉള്ള വിദഗ്ദ്ധരുടെ അഭിപ്രായങ്ങളാണ് ആരാഞ്ഞിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ**;** | ബി**)** | റീ ബിൽഡ് കേരള പദ്ധതി ഊന്നൽ നൽകുന്ന സംയോജിത ജലവിഭവ മാനേജ്മെന്റ്, ജലവിതരണം, ശുചിത്വം, നഗരവികസനം, റോഡുകളും പാലങ്ങളും, ഗതാഗതം, വനം, കൃഷി, മൃഗക്ഷേമവും ക്ഷീരവികസനവും, മത്സ്യമേഖല, ഉപജീവനോപാധികൾ, ഭൂമി, എന്നിങ്ങനെ വിവിധ മേഖലകളുമായി ബന്ധപ്പെട്ട വിദഗ്ദ്ധരുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പുനർനിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുണ്ട്**.** |

| | | | |
|---|---|---|---|
| സി) | ദുരന്ത പ്രതിരോധ ശേഷിയുള്ള കേരളം സൃഷ്ടിക്കുന്നതിനുള്ള സംരംഭങ്ങളിൽ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിന് വിദഗ്ധ സമിതി രൂപീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; | സി) | കനത്ത മഴയുടെ കാരണങ്ങളും അവയെ തുടർന്നുള്ള വെള്ളപ്പൊക്കം / മണ്ണിടിച്ചിൽ തുടങ്ങിയവയും പരിശോധിക്കുന്നതിനും, ഇക്കാര്യത്തിൽ സർക്കാർ സ്വീകരിക്കേണ്ട ഉചിതമായ നയ പ്രതികരണങ്ങൾ ശുപാർശ ചെയ്യുന്നതിനുമായി കേരള സംസ്ഥാന ശാസ്ത്ര സങ്കേതിക കൗൺസിൽ എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് ചെയർമാനായ ഒരു 15 അംഗ വിദഗ്ധ സമിതി രൂപീകരിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട് (22/08/2019-ലെ സ.ഉ. (സാധാ.) നമ്പർ 42/2019/S&TD ഉത്തരവ് പ്രകാരം). ദുരന്തങ്ങൾ കൃത്യമായി പ്രവചിക്കാനുള്ള ശേഷിയും സാധ്യതയും, മാറി വരുന്ന ഭൂവിനിയോഗം ദുരന്തസാധ്യതയിൽ വഹിക്കുന്ന പങ്കും സമിതി പഠിക്കുന്നതാണ്.<br>കൂടാതെ ഉരുൾപൊട്ടൽ സാധ്യത മേഖലകളിൽ വീടുനിർമിക്കുന്നതുമായി ബന്ധപ്പെട്ട് ശാസ്ത്രീയമായി പഠിക്കുന്നതിനുള്ള ഒരു വിദഗ്ധ സമിതിയും രൂപീകരിച്ചിട്ടുണ്ട് (30/11/2018-ലെ സ.ഉ. (സാധാ.) നമ്പർ 644/2018/DMD ഉത്തരവ് പ്രകാരം). |
| ഡി) | പ്രളയത്തിൽ തകർന്ന ഗ്രാമീണ റോഡുകളുടെ പുനർനിർമ്മാണത്തിനായി 'ചീഫ് മിനിസ്റ്റേഴ്സ് ലോക്കൽ റോഡ് റീബിൽഡ് പ്രോജക്ട്' എന്ന പദ്ധതിയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | ഡി) | 2018, 2019-കളിലെ പ്രളയത്തിൽ തകർന്നതും 14 ജില്ലകളിലെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ വരുന്നതും, റീബിൽഡ് കേരള ഇനിഷിയേറ്റീവിന് കീഴിൽ ഉൾപ്പെടുത്താത്തതും, പുനർനിർമ്മിക്കേണ്ടതുമായ റോഡുകളുടെ പുനരുദ്ധാരണത്തിന് "മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി (Chief Minister's Local Roads Rebuild Project)" എന്ന പേരിൽ പദ്ധതി നടപ്പിലാക്കുന്നതിനായി 961.264 കോടി രൂപ, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ (CMRDF) നിന്നും |

| | | | |
|---|---|---|---|
| | | | അനുവദിച്ചുകൊണ്ട് തദ്ദേശ സ്വയംഭരണ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

True Copy signed(Section Officer)